**10. ഏതെങ്കിലും നോട്ടറിയല് പ്രവൃത്തി ചെയ്യുന്നതിനു് ഒരു നോട്ടറിക്ക് നൽകേണ്ടഫീസ്.-** (1)ഓരോ നോട്ടറിയ്ക്കും താഴെ പറഞ്ഞിരിക്കുന്ന നിരക്കുകളില് കവിയാത്ത ഫീസ് ചുമത്താവുന്നതാണ്, അതായത്:-

(എ) ഒരു പ്രമാണം നോട്ടുചെയ്യലിന്
പ്രമാണത്തിലെ തുക 10,000 രൂപയില് കവിയുന്നില്ലെങ്കില് -₹ 50
അത് 10,000 രൂപയില് കവിയുകയും
എന്നാൽ 25,000 രൂപയില് കവിയാതെയുമാണെങ്കില് - ₹100
അത് 25,000 രൂപയില് കവിയുകയും എന്നാല്
50,000രൂപയിൽകവിയാതെയുമാണെങ്കിൽ -₹ 150
അത് 50,000 രൂപയില് കവിയുകയാണെങ്കില് -₹ 200

(ബി) ഒരു പ്രമാണം പ്രൊട്ടെസ്റ്റുചെയ്യുന്നതിന്
പ്രമാണത്തിലെ തുക 10,000 രൂപയില് കവിയുന്നില്ലെങ്കില് -₹ 50
അത് 10,000 രൂപയില്കവിയുകയുംഎന്നാല് 25,000 രൂപയില്
കവിയാതെയുമാണെങ്കിൽ -₹ 100
അത് 25,000 രൂപയില് കവിയുകയും എന്നാല് 1,00,000
രൂപയിൽകവിയാതെയുമാണെങ്കിൽ -₹ 150
അത് 1,00,000 രൂപയില് കവിയുകയാണെങ്കില് -₹ 200

(സി) ആദരാണാർത്ഥം പണം കൊടുക്കലിന്റെ ഒരു പ്രഖ്യാപനം രേഖപ്പെടുത്തുന്നതിന് -₹ 100

(ഡി) ഡ്യൂപ്ലിക്കേറ്റ് പ്രൊട്ടസ്റ്റുകൾക്ക് - അസ്സലിന്റെ പകുതി ചാർജ്ജ്

(ഇ) ഏതെങ്കിലും പ്രമാണത്തിന്റെ ഒപ്പിട്ടു പൂർത്തികരിക്കല് സത്യബോധാപ്പെടുത്തലിനോ പ്രമാണീകരിക്കലിനോ സർട്ടിഫൈ ചെയ്യലിനോ സാക്ഷ്യപ്പെടുത്തലിനോ - ₹ 35

(എഫ്) ഏതെങ്കിലും പ്രോമിസ്സറി നോട്ടോ, ഹുണ്ടിയോ,വിനിമയപത്രമോ പ്രതിഗ്രഹണത്തിനായോ പണം കിട്ടുന്നതിനുവേണ്ടിയോമെച്ചപ്പെട്ട ഈട് ആവശ്യപ്പെടുന്നതിനുവേണ്ടിയോ പ്രസന്റ് ചെയ്യലിന് -₹ 50

(ജി) ഏതെങ്കിലും ആളിനെ ശപഥം ചെയ്യിക്കുന്നതിനോ ഏതെങ്കിലും ആളിൽനിന്നും സത്യവാങ്മൂലം സ്വീകരിക്കുന്നതിനോ -₹ 35

(എച്ച്) ഇന്ത്യക്ക് പുറത്തുള്ള ഏതെങ്കിലും രാജ്യത്തോ സ്ഥലത്തോ ഫലത്തില് വരാനുദ്ദേശിക്കപ്പെടുന്ന ഒരു പ്രമാണംഅങ്ങനെയുള്ള കരണം പ്രവർത്തിക്കാന് ഉദ്ദേശിക്കപ്പെടുന്ന സ്ഥലത്തെ നിയമത്തിന് അനുരൂപമാകാവുന്ന അങ്ങനെയുള്ള രൂപത്തിലും ഭാഷയിലും തയ്യാറാക്കുന്നതിന് -₹ 200

(ഐ) ഇന്ത്യക്ക്പുറത്തുള്ളഏതെങ്കിലുംരാജ്യത്തോസ്ഥലത്തോ ഒരു പ്രമാണം ഫലത്തിൽ വരുന്നതിന്അങ്ങനെയുള്ള കരണം പ്രവർത്തിക്കാന് ഉദ്ദേശിക്കപ്പെടുന്നു സ്ഥലത്തെ നിയമത്തിന്അനുരൂപമായ അങ്ങനെയുള്ള രൂപത്തിലും ഭാഷയിലുംസാക്ഷ്യപ്പെടുത്തുന്നതിനോ പ്രമാണീകരിക്കുന്നതിനോ -₹ 200

(ജെ) ഏതെങ്കിലും രേഖ ഒരു ഭാഷയില് നിന്നുംമറ്റൊന്നിലേക്കു പരിഭാഷപ്പെടുത്തിന്നതിനും ഏതെങ്കിലും രേഖയുടെ ഒരു ഭാഷയില് നിന്നും മറ്റൊന്നിലേക്കുള്ള പരിഭാഷ സത്യബോധപ്പെടുത്തുന്നതിനും - ₹100

(കെ) കപ്പലിന്റെ പ്രൊട്ടെസ്റ്റ്, ബോട്ട് പ്രാട്ടെസ്റ്റ്, ഡെമറേജും മറ്റു വാണിജ്യ കാര്യങ്ങളുമായും ബന്ധപ്പെട്ട പ്രൊട്ടെസ്റ്റ് എന്നിവ നോട്ടു ചെയ്യുന്നതിനും തയ്യാറാക്കുന്നതിനും -₹ 200

(എൽ) രേഖകളുടെ പകർപ്പുകള് അസ്സലിന്റെ ശരി പകർപ്പുകളാണെന്ന് സർട്ടിഫൈ ചെയ്യുന്നതിന് - പേജ് ഒന്നിന്₹10 കുറഞ്ഞത് ₹20

(എം) മറ്റേതെങ്കിലും നോട്ടറിയല് പ്രവൃത്തിക്ക് - അതതു സമയം സമുചിത സർക്കാർനിശ്ചയിക്കുന്ന പ്രകാരമുള്ള അങ്ങനെയുള്ള തുക

(2) ഒരു നോട്ടറിക്കു ചുമത്താവുന്ന ഫീസിന്റെ നിരക്കുകള് അദ്ദേഹത്തിന്റെ മുറിയുടെയോ ഓഫീസിന്റെയോ അകത്തും പുറത്തും ശ്രദ്ധയാകർഷിക്കത്തക്ക സ്ഥലത്ത് അദ്ദേഹം പ്രദർശിപ്പിക്കേണ്ടതാണ്.

(3) മേൽപ്പറഞ്ഞ ഫീസിനു പുറമേ, ഒരു നോട്ടറിക്ക് റോഡ് മാർഗ്ഗമോ റെയില് മാർഗ്ഗമോ കിലോമീറ്ററിനു ഇരുപത് രൂപാ നിരക്കില് യാത്രാബത്ത ചുമത്താവുന്നതാണ്.